**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 209** — **27-06-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യധാന്യങ്ങളിൽ മായം കലർത്തുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പഴം, പച്ചക്കറി, മത്സ്യം, മറ്റു ഭക്ഷ്യധാന്യങ്ങൾ എന്നിവയിൽ മായം കലർത്തുന്നതും കാൻസർ പോലുള്ള രോഗങ്ങൾക്ക് കാരണമാകുന്ന കീടനാശിനി ഉപയോഗിക്കുന്നതും തടയുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ; | (എ) | പഴം, പച്ചക്കറി, മത്സ്യം, മറ്റ് ഭക്ഷ്യ വസ്തുക്കൾ എന്നിവയിൽ മായം ചേർക്കുന്നവർക്കെതിരെ 2006 ലെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമപ്രകാരമുള്ള കർശന നടപടികൾ സ്വീകരിച്ച് വരുന്നു. കഴിഞ്ഞ ഒരു വർഷകാലയളവിൽ ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുള്ള 394 പേർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അഡ്ജുഡിക്കേഷൻ, കോമ്പൌണ്ടിങ് നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് പ്രധാനമായും മൂന്നു രീതിയിലാണ് ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപടികൾ സ്വീകരിക്കുന്നത്.<br><br>എൻഫോഴ്സ്മെന്റ് നടപടികൾ<br><br>ഭക്ഷണവുമായി ബന്ധപ്പെട്ട ജോലികളിൽ ഏർപ്പെട്ടിട്ടുള്ളവർക്കുള്ള പരിശീലനം<br><br>പൊതുജനങ്ങൾക്കുള്ള ബോധവൽക്കരണ പരിപാടികൾ<br><br>**ഫുഡ് ബിസിനസ് സ്ഥാപനങ്ങളിലെ പരിശോധന**<br>കഴിഞ്ഞ ഒരു വർഷ കാലയളവിൽ നടത്തിയ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു :<br><br>നടത്തിയ പരിശോധനകൾ - 51313<br><br>ഫയൽ ചെയ്ത സിവിൽ കേസുകൾ - 648<br><br>ഫയൽ ചെയ്ത ക്രിമിനൽ കേസുകൾ - 394<br><br>നാളിതുവരെ ഭക്ഷ്യസംരംഭകർക്കായുള്ള 2111 FoSTaC ട്രെയിനിങ് ക്ലാസുകൾ |

സംഘടിപ്പിക്കുകയുണ്ടായി.

**ഫുഡ് സേഫ്റ്റി കംപ്ലൈൻസ്**

**ഭക്ഷ്യ സുരക്ഷാ ലൈസൻസ് & രജിസ്ട്രേഷൻ**

2020-2021 മാർച്ച് 31 ലെ കണക്ക് പ്രകാരം 661805 ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരെ ഭക്ഷ്യ സുരക്ഷാ ലൈസെൻസ്/ രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. 2022 മാർച്ച് 31 ലെ കണക്ക് പ്രകാരം 89111 ഫുഡ് സേഫ്റ്റി ലൈസൻസ് സർട്ടിഫിക്കറ്റുകളും, ചെറുകിട ഭക്ഷ്യ സംരംഭകർക്ക് 572694 രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും നൽകിയിട്ടുണ്ട്.

**IEC പ്രവർത്തനങ്ങൾ**

**(i) സമ്പൂർണ ഭക്ഷ്യ സുരക്ഷാ ഗ്രാമ പഞ്ചായത്ത് പദ്ധതി**

കേരളത്തിലെ ഗ്രാമ പഞ്ചായത്തുകളിൽ സമ്പൂർണ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച സമ്പൂർണ ഭക്ഷ്യ സുരക്ഷാ ഗ്രാമ പഞ്ചായത്ത് പദ്ധതി സംസ്ഥാനത്തു മൊത്തം 433 പഞ്ചായത്തുകളിൽ ഇതിനോടകം തന്നെ നടപ്പിലാക്കി കഴിഞ്ഞു.

**(ii) സേഫ് ആൻഡ് ന്യൂട്രീഷ്യസ്സ് ഫുഡ് @ സ്കൂൾ**

സ്കൂൾ കുട്ടികളിൽ സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണ ശീലങ്ങൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച സേഫ് ആൻഡ് ന്യൂട്രീഷ്യസ്സ് ഫുഡ് @ സ്കൂൾ പദ്ധതി സംസ്ഥാനത്ത് മൊത്തം 1607 സ്കൂളുകളിൽ നടപ്പിലാക്കി കഴിഞ്ഞു .

**കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റുമായി ചേർന്ന് ഒപ്പു വെച്ചിട്ടുള്ള ധാരണാ പത്ര പ്രകാരമുള്ള പ്രവർത്തങ്ങളുടെ കാര്യക്ഷമമായ നിർവഹണം**

കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റുമായി ചേർന്ന് തയ്യാറാക്കിയ ധാരണാപത്ര പ്രകാരം 2022 -2023 സാമ്പത്തിക വർഷത്തിൽ സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കുന്നതിനുള്ള പദ്ധതികളായ FoSTaC Training ,

RUCO (Repurpose Used Cooking Oil ), Hygiene Rating , Eat Right Campus , Clean Street Food Hub, എന്നിവ നടപ്പിലാക്കി വരുന്നു.
പരിശോധനയുടെ ഭാഗമായി ശേഖരിക്കുന്ന ഭക്ഷ്യ

| | | | |
|---|---|---|---|
| | | | വസ്തുക്കളുടെ ശാസ്ത്രീയ പരിശോധനകൾക്കായി NABL അക്രഡിറ്റേഷൻ ലഭ്യമായിട്ടുള്ള മൂന്ന് ഗവൺമെന്റ് അനലിറ്റിക്കൽ ലാബുകളും, പത്തനംതിട്ട, കണ്ണൂർ ജില്ലകളിലായി രണ്ട് ഫുഡ് ടെസ്റ്റിംഗ് ലാബുകളും വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. ഇതിന് പുറമെയാണ് 14 ജില്ലകളിലും പ്രവർത്തിക്കുന്ന മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളുള്ളത്.<br><br>**<u>സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധന ലബോറട്ടറികൾ</u>**<br><br>കേരളത്തിലെ ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 14 മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. ഭക്ഷണ സാധനങ്ങളുടെ പരിശോധനയ്ക്കായി എല്ലാ ജില്ലകളിലും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ ഏർപ്പെടുത്തിയ ആദ്യ സംസ്ഥാനമാണ് കേരളം.<br><br>ടി ലാബുകൾ ഭക്ഷ്യ പരിശോധന, ഭക്ഷ്യ സുരക്ഷയെ കുറിച്ചുള്ള ബോധവത്കരണം എന്നിവ നടത്തുന്നു. പൊതുജനങ്ങളിൽ നിന്നും ലഭ്യമാകുന്ന കുടിവെള്ളം, പാൽ, ഭക്ഷ്യ എണ്ണ, മറ്റ് ഭക്ഷ്യ വസ്തുക്കൾ എന്നിവ ലബോറട്ടറികളിൽ പരിശോധിക്കാൻ സാധിക്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത.<br><br>ലാബുകളിൽ നിന്നും ലഭിക്കുന്ന പരിശോധന വിവരങ്ങൾ നിരന്തരം വിശകലനങ്ങൾക്ക് വിധേയമാക്കുകയും, ഇതിന്റെ അടിസ്ഥാനത്തിൽ സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതിന് ഏറ്റവും ഉചിതമായ നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു. |
| (ബി) | കഴിഞ്ഞ ഒരു വർഷം ഇത്തരത്തിൽ മായം കലർന്ന എത്ര അളവ് മത്സ്യം പിടിച്ചെടുത്തു എന്ന് വ്യക്തമാക്കുമോ ; | (ബി) | **2021** മെയ് മുതൽ നാളിതുവരെ ഭക്ഷ്യയോഗ്യമല്ലാത്ത **23514 കിലോഗ്രാം** മത്സ്യം നശിപ്പിച്ചിട്ടുണ്ട്. |
| (സി) | ഭക്ഷ്യസാധനങ്ങളിൽ മായം കലർത്തുന്നത് തടയാൻ എന്തെല്ലാം കർശന നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) | സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അത് വഴി സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഇത്തരം സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്കു പുറമെ ഓണം, റംസാൻ, ക്രിസ്മസ് തുടങ്ങിയ ആഘോഷ വേളകളിലും, ശബരിമല മണ്ഡല/ മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവ സീസണുകളിലും, പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കുടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്ന് |

| | | | |
|---|---|---|---|
| | | | പിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തി വരുന്നു. ഇത്തരം പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പിഴ ചുമത്തൽ, പ്രോസിക്യൂഷൻ/ അഡ്ജുഡിക്കേഷൻ തുടങ്ങി 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ